# പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ നിര്യാണത്തിൽ കേരള സാഹിത്യ അക്കാദമി അനുശോചിക്കുന്നു

മലയാളകഥയിലും നോവലിലും നൊന്തുപിടയുന്ന മനുഷ്യജീവിതത്തെ അർത്ഥഗാംഭീര്യത്തോടെയും ദാർശനികദീപ്തിയോടെയും വൈകാരികതയോടെയും ആവിഷ്കരിച്ച മഹാപ്രതിഭയാണ് പുനത്തിൽ കുഞ്ഞബ്ദുള്ള. ആധുനികതയുടെ മൂല്യനിരാസവും അസ്തിത്വദുഃഖവും മാറ്റിനിർത്തി, സാഹിത്യത്തെ അനുഭവങ്ങളുടെ നേർക്കാഴ്ചയാക്കിമാറ്റിയ പുനത്തിലിന്റെ കൃതികൾക്ക് നവീനമായ രാഷ്ട്രീയമാനങ്ങൾ കൈവരുന്നത് ശ്രദ്ധേയമാണ്. ദേശാനുഭവങ്ങളെയും ചരിത്രസ്മൃതികളെയും പുരാവൃത്തങ്ങളെയും പകർത്തുന്നതിൽ അസാധാരണമായ കൈയടക്കം പ്രദർശിപ്പിച്ച പ്രതിഭാശാലിയാണ് അദ്ദേഹം. അരനൂറ്റാണ്ടിലേറെ കാലത്തെ സാഹിത്യസപര്യകൊണ്ട് വിപുലമായ വായനാസമൂഹത്തെ സൃഷ്ടിച്ച അപൂർവ്വം എഴുത്തുകാരിൽ പ്രമുഖനാണ് പുനത്തിൽ. കേരളസാഹിത്യഅക്കാദമിയുടെ വിശിഷ്ടാംഗം എന്ന നിലയിൽ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നല്കിപ്പോന്ന സ്നേഹപിന്തുണ സീമാതീതമാണ്. നാട്ടുഭാഷയുടെ സ്വച്ഛതയോടെ, ഹൃദ്യമായി കഥകൾ പറഞ്ഞ വീട്ടുകാരണവരെയാണ് മലയാളത്തിന് നഷ്ടമായത്. മലയാളകഥാലോകത്തെ ജനകീയവും ജനപ്രിയവുമാക്കിയ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ നിര്യാണത്തിൽ കേരള സാഹിത്യ അക്കാദമി അനുശോചിക്കുന്നു.

**ഡോ. കെ.പി. മോഹനൻ**
സെക്രട്ടറി